# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 891** **06.06.2018-ൽ മറുപടിയ്ക്ക്**

**ബേഡഡുക്ക പഞ്ചായത്തിലെ എസ്.റ്റി .കോളനി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.റ്റി. കോളനിയിൽ എത്ര വീടുകളാണ് നിലവിലുള്ളത് ; ഇതിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നു; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | 33 വീടുകൾ നിലവിലുണ്ട്. ഇതിൽ മലവേട്ടുവൻ വിഭാഗത്തിലെ 38 കുടുംബങ്ങൾ താമസിക്കുന്നു. ആയതിൽ 11 വീട് ഓട് മേൽക്കൂര മേഞ്ഞതും 6 വീട് മേൽക്കൂര ഓല മേഞ്ഞതും, 16 വീട് കോൺക്രീറ്റ് ചെയ്തതുമാണ്. ടി വീടുകൾ 28 വർഷം പഴക്കമുള്ളതാണ്. അതിൽ 5 കോൺക്രീറ്റ് ചെയ്ത വീടുകളിൽ 2 കുടുംബങ്ങൾ വീതം ഒരു വീടിന്റെ 2 ഭാഗങ്ങളിലായി താമസിക്കുന്നു. |
| ബി) | ഇതിൽ വാസയോഗ്യമായ എത്ര വീടുകളാണ് ഉള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | 2 വീടുകൾ വാസയോഗ്യമാണ്.(ഒരു ഓട് മേഞ്ഞ വീടും 1 കോൺക്രീറ്റ് ചെയ്ത വീടും) |
| സി) | ഈ കോളനിയിലെ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ മുഖേന നൽകിയ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) | വാസയോഗ്യമല്ലാത്ത 31 വീടുകളുള്ളതിൽ 2 കുടുംബങ്ങൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ശേഷിക്കുന്നവർക്ക് ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമല്ലാത്തതിനാൽ വീട് അനുവദിച്ചിട്ടില്ല. ഭൂമി സംബന്ധമായ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് വകുപ്പ് മുഖേനയോ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേനയോ വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഭൂമി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ റവന്യൂ വകുപ്പ് മുഖേനയും, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും ത്വരിതപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ